15 -ാം കേരള നിയമസഭ

14 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 397 **16-09-2025 - ൽ മറുപടിയ്ക്ക്**

ലൈഫ് ഭവന പദ്ധതിയിലെ നിബന്ധനകളിൽ ഇളവ് വരുത്താൻ നടപടി

ചോദ്യം		ഉത്തരം	
ശ്രീ. ചാണ്ടി ഉമ്മൻ		**ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)**	
(എ)	ഒരു കുടുംബത്തിന് ലൈഫ് ഭവന പദ്ധതിയിൽ കിട്ടിയ വീടും അതുൾപ്പെടുന്ന സ്ഥലവും വിൽപ്പന നടത്തുന്നതിന് നിലവിൽ എന്തെല്ലാം നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;	(എ)	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് (ലൈഫ് പദ്ധതി ഉൾപ്പെടെ) ഒഴിച്ച് കൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടിവരുമ്പോൾ പാലി ക്കേണ്ട പൊതു മാനദണ്ഡം രൂപീക രിച്ച് 01.07.2024-ലെ സ.ഉ (സാധാ)നം.1185/2024/ത.സ്വ.ഭ.വ, 19/12/2024 ലെ സ.ഉ(സാധാ) നം.2495/2024/തസ്വഭവ നമ്പർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ അനുബന്ധം 1 & 2 ആയി ചേർക്കുന്നു.
(ബി)	ഇപ്രകാരം ലൈഫ് ഭവന പദ്ധതിയിൽ കിട്ടിയ വീട് നിൽക്കുന്ന സ്ഥലം അത്യാവശ്യ സാഹചര്യങ്ങളിൽ ഈട് വച്ച് ബാങ്കിൽ നിന്ന് വായ്പ എടുക്കുന്നതിന് സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ ഏർപ്പെടുത്തിയ ഏത് നിബന്ധനപ്രകാരമാണ് ഇങ്ങനെ ലോൺ ലഭിക്കാത്തത്; വിശദമാക്കുമോ;	(ബി)	ബാങ്കിൽ നിന്ന് വായ്പ എടുക്കുന്നതിന് അനുമതി നിലവിലുണ്ട്.
(സി)	ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മിക്കുവാൻ നൽകുന്ന തുക ഇന്നത്തെ സാഹചര്യത്തിൽ തികച്ചും അപര്യാപ്തമാണെന്നിരിക്കെ ആ വീടു വയ്ക്കുന്ന സ്ഥലം ബാങ്കിന് ഈട് നൽകി വായ്പ എടുത്ത് വീട് പണി പൂർത്തിയാക്കുന്നതിനുള്ള സാഹചര്യമെങ്കിലും ഉടമസ്ഥന് ലഭിക്കുന്ന തരത്തിൽ നിലവിലുള്ള സർക്കാർ നിബന്ധനകളിൽ ഇളവ് നൽകുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?	(സി)	ലൈഫ് മിഷൻ/ പി.എം.എ .വൈ(അർബൻ), പി.എം.എ.വൈ (ഗ്രാമീൺ)/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോ ടുള്ള മറ്റ് പദ്ധതികൾ എന്നിവ പ്രകാരം ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ച് കൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് ഭൂമി പണയപ്പെടുത്തി ഷെഡ്യൂൾഡ് ബാങ്കുകൾ പൊതുമേഖല ബാങ്കുകൾ സഹകരണ ബാങ്കുകൾ എന്നിവിട ങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിന് 10/09/2014 ലെ സ.ഉ(സാധാ) നം.2368/14/തസ്വഭവ പ്രകാരം നൽകിയ അനുമതി നിലവിലുണ്ട്

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ചു കൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ പാലിക്കേണ്ട പൊതു മാനദണ്ഡം രൂപീകരിച്ചും ജില്ലാ കളക്ടർ ചെയർമാനായി സമിതി രൂപീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്

സ.ഉ.(സാധാ) നം.1185/2024/LSGD തീയതി,തിരുവനന്തപുരം, 01-07-2024

പരാമർശം:- 1. 25/05/2017ലെ 92/ഡിബി1/17/തസ്വഭവ നമ്പർ സർക്കുലർ

2. 31.01.2019 ലെ 10/ഡിബി4/18/തസ്വഭവ നമ്പർ സർക്കുലർ

<u>ഉത്തരവ്</u>

ഇ എം എസ് പദ്ധതി പ്രകാരം ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ, സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ച് അനുമതി വാങ്ങുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി പ്രത്യേകമായി അന്വേഷിച്ച് അനുവാദം നൽകുന്നതിനു ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപെടുത്തി പരാമർശം (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലറിലെ വ്യവസ്ഥകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സമാനമായ ഭവന പദ്ധതികൾക്കു കൂടി പരാമർശം (2) പ്രകാരം ബാധകമാക്കുകയുണ്ടായി.

നിലവിൽ വിവിധ നിർവഹണ ഏജൻസികൾ വിവിധ രീതിയിൽ ഈ വിഷയം കൈകാര്യം ചെയ്യുന്നതിലെ അവ്യക്തത പരിഗണിച്ചും സർക്കാരിന്റെ സമ്പൂർണ പാർപ്പിട സുരക്ഷാപദ്ധതിയായ ലൈഫ് ഭവന പദ്ധതി കൂടി ഉൾപെടുത്തി ഈ വിഷയത്തിൽ പൊതു മാനദണ്ഡം രൂപീകരിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്തും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ചു കൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ പാലിക്കേണ്ട പൊതു മാനദണ്ഡം അനുബന്ധത്തിൽ പറയും പ്രകാരം രൂപീകരിച്ചും, ഇക്കാര്യത്തിൽ വിശദാംശങ്ങൾ പരിശോധിച്ച് അപേക്ഷകന്റെ പേരിലുള്ള കരാർ റദ്ദ് ചെയ്ത് നൽകുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായി ചുവടെ ചേർക്കും പ്രകാരം സമിതി രൂപീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സമിതി അംഗങ്ങൾ

ജില്ലാ കളക്ടർ - ചെയർമാൻ

ജോയിന്റ് ഡയറക്ടർ, തസ്വഭവ - കൺവീനർ

നിർവഹണ ഏജൻസികളുടെ പ്രതിനിധി (ലൈഫ് മിഷൻ ജില്ലാ കോർഡിനേറ്റർ/ കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ/ ഡെപ്യൂട്ടി ഡയറക്ടർ (Project Director, Poverty Alleviation Unit) - അംഗം

ജില്ലാ പട്ടിക ജാതി വികസന ഓഫീസർ/ജില്ലാ പട്ടിക വർഗ്ഗ വികസന ഓഫീസർ /ഫിഷറീഷ് വകുപ്പിൽ നിന്നുള്ള ജില്ല പ്രതിനിധി - അംഗം

ബന്ധപെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി- അംഗം

ഡിസ്ട്രിക്ക് മെഡിക്കൽ ഓഫീസർ / സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മെമ്പർ /അഗ്രികൾച്ചർ ഓഫീസർ- പ്രത്യേക ക്ഷണിതാവ് (ആവശ്യമെങ്കിൽ മാത്രം)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

കോ -ഓഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്ചു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

1. ലൈഫ് മിഷൻ/PMAY(U)/PMAY(G)/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെയുള്ള മറ്റ് ഭവന നിർമ്മാണ പദ്ധതികൾ എന്നിവ പ്രകാരം നിർമ്മിക്കുന്ന വീടുകൾ ഗുണഭോക്താവ് അവസാന ഗഡു തുക കൈപ്പറ്റിയ തീയതി മുതൽ 7 വർഷത്തേയ്ക്ക് മുൻകൂർ അനുമതി ഇല്ലാതെ കൈമാറ്റം ചെയ്യാൻ പാടില്ല. ഗുണഭോക്താവും തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി 7 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യില്ല എന്ന് കരാറിൽ എർപ്പെടുകയും, (ഇ.എം.സ് പദ്ധതിയുടെ മാതൃകയിൽ) പ്രസ്തുത കരാർ രജിസ്റ്റർ ചെയ്യുകയും വേണം (ഗുണഭോക്താവിൽ നിന്ന് ആധാരം വാങ്ങി വയ്ക്കേണ്ടതില്ല, നിലവിൽ കൈവശമുള്ള പ്രമാണങ്ങൾ തിരികെ നൽകി ബാക്കി കാലയളവിലേക്ക് കരാർ രജിസ്റ്റർ ചെയ്യണം).

2.സമിതി മുമ്പാകെ സമർപ്പിക്കേണ്ട രേഖകൾ

i ഗുണഭോക്താവ് തദ്ദേശ സ്വയം ഭരണ സ്ഥാപനവുമായി ഒപ്പ വച്ചിട്ടുള്ള രജിസ്റ്റർ ചെയ്ത കരാറിന്റെ പകർപ്പും വീട് വിൽക്കുന്നതിന്റെ ആവശ്യകത വ്യക്തമാക്കുന്ന രേഖകൾ സഹിതമുള്ള അപേക്ഷ.

ii അപേക്ഷയുടെ സാധുത പരിശോധിച്ച്, ശുപാർശ ചെയ്തുകൊണ്ട് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി നൽകുന്ന സാക്ഷ്യപത്രം.

iii അപേക്ഷകൻ വീട് വിറ്റതിനു ശേഷവും ഭവനരഹിതനാകുന്നില്ല എന്ന് അപേക്ഷകൻ സമർപ്പിക്കുന്ന രേഖയിൻമേലുള്ള നിജസ്ഥിതി ഉറപ്പുവരുത്തിക്കൊണ്ടുള്ള ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപന സെക്രട്ടറിയിൽ നിന്നുമുള്ള റിപ്പോർട്ട്.

iv.അപേക്ഷകൻ സമർപ്പിക്കുന്ന രേഖകൾ സത്യമാണെന്നും കരാർ റദ്ദ് ചെയ്ത തീയതി മുതൽ 5 വർഷത്തേക്ക് സർക്കാർ നൽകുന്ന ഭവന പദ്ധതികൾക്ക് അപേക്ഷകൻ അർഹനായിരിക്കില്ലെന്ന് ബോധിപ്പിക്കുന്ന സത്യവാങ്മൂലം.

3. ജില്ലാ തല സമതിയുടെ തീരുമാന പ്രകാരം കരാർ റദ്ദ ചെയ്യുന്നതിനു മുമ്പായി അപേക്ഷകൻ കൈപറ്റിയിട്ടുള്ള **തുക 9 % ശതമാനം** പലിശ നിരക്കിൽ തിരിച്ചടച്ചുവെന്ന് ബന്ധപെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ഉറപ്പ് വരുത്തേണ്ടതാണ്. (ഒരോ ഗഡു തുകയും കൈപറ്റിയ തീയതി മുതൽ കരാർ റദ്ദ ചെയ്ത നൽകുന്നതിന് പൂർണ്ണമായ അപേക്ഷ സമർപ്പിച്ച തീയതി വരെയാണ് പലിശ കണക്കാക്കേണ്ടത്).

4. ഗുണഭോക്താവ് തിരിച്ചടക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ തിരിച്ചടക്കേണ്ടതും ആ അക്കൗണ്ടിൽ നിന്നും നിർവഹണ ഏജൻസികൾക്ക് വിഹിതങ്ങൾ തിരിച്ച് തുക ബന്ധപെട്ട ശീർഷകങ്ങളിലേക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്. ഹഡ്കോ ലോൺ വിഹിതം തദ്ദേശ സ്ഥാപനത്തിലെ മറ്റൊരു ഗുണഭോക്താവിന് നൽകാവുന്നതാണ്.

5. കരാർ റദ്ദ് ചെയ്ത ഗുണഭോക്താവിനെ കരാർ റദ്ദ് ചെയ്ത തീയതി മുതൽ 5 വർഷത്തേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭവന പദ്ധതികളിൽ ഒന്നും തന്നെ പരിഗണിക്കാൻ പാടുള്ളതല്ല.

6 . കരാർ റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നല്ലേണ്ടതും ലൈഫ് മിഷൻ/ PMAY ഗുണഭോക്തൃ ലിസ്റ്റുകളിൽ 5 വർഷ

കാലയളവിൽ ടിയാൻ ഉൾപ്പെട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

7. ലൈഫ് മിഷൻ / PMAY(U), PMAY(G)പദ്ധതി പ്രകാരം ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ചു കൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് /ഭൂമി പണയപ്പെടുത്തി ബാങ്കിൽ നിന്നും വായ്പ എടുക്കുന്ന വിഷയത്തിലും തീരുമാനം എടുക്കുന്നതിന് ജില്ലാ തലസമിതിയെ ചുമതലപ്പെടുത്തുന്നു.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾ ഒഴിച്ചു കൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ പാലിക്കേണ്ട പൊതു മാനദണ്ഡങ്ങൾ - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്

സ.ഉ.(സാധാ) നം.2495/2024/LSGD തീയതി,തിരുവനന്തപുരം, 19-12-2024

പരാമർശം:- 1. സ.ഉ(സാധാ)നം.2234/2010/തസ്വഭവ തീയതി 07/07/2010

2 സ.ഉ(സാധാ) നം.2368/14/തസ്വഭവ തീയതി 10/09/2014

3 സ.ഉ(സാധാ)നം.34/2018/തസ്വഭവ തീയതി 16/03/2018

4 സ.ഉ(സാധാ)നം.1185/2024/തസ്വഭവ തീയതി 01/07/2024

<u>ഉത്തരവ്</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ച് കൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ, പാലിക്കേണ്ട പൊതു മാനദണ്ഡങ്ങൾ രൂപീകരിച്ചും ജില്ല കളക്ടർ ചെയർമാനായി സമിതി രൂപീകരിച്ചും പരാമർശം 4 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എല്ലാവർക്കും സുരക്ഷിത ഭവനം എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമ്പൂർണ പാർപ്പിട പദ്ധതിയായ ലൈഫ് ഭവന പദ്ധതിയിലൂടെ ലഭിക്കുന്ന വീടുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള കാലാവധി 7 വർഷമായി ചുരുങ്ങുന്നത് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യത്തെ ദോഷകരമായി ബാധിക്കും എന്ന ആശങ്ക വിവിധ തലങ്ങളിൽ നിന്ന് ഉയരുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 4 ഉത്തരവിൽ ചുവടെ ചേർക്കും പ്രകാരം ഭേദഗതികൾ വരുത്തി ഉത്തരവാകുന്നു.

i. ഉത്തരവിന്റെ അനുബന്ധം ഖണ്ഡിക 1 ലെ ലൈഫ് മിഷൻ/പിഎംഎവൈ (അർബൻ), പിഎംഎവൈ (ഗ്രാമിൺ)/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടുള്ള മറ്റ് നിർമ്മാണ പദ്ധതികൾ എന്നിവ പ്രകാരം നിർമ്മിക്കുന്ന വീടുകൾ ഗുണഭോക്താവ് അവസാന ഗഡു തുക കൈപ്പറ്റിയ തീയതി മുതൽ 7 വർഷത്തേയ്ക്ക് മുൻകൂർ അനുമതി ഇല്ലാതെ കൈമാറ്റം ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥ ; 12 വർഷത്തേയ്ക്ക് മുൻകൂർ അനുമതി ഇല്ലാതെ കൈമാറ്റം ചെയ്യാൻ പാടില്ല എന്ന് മാത്രമുള്ള മാറ്റം വരുത്തി നിശ്ചയിക്കുന്നു.

ii. അനുബന്ധം ഖണ്ഡിക 7 റദ്ദാക്കികൊണ്ട്, ലൈഫ് മിഷൻ/പിഎംഎവൈ (അർബൻ), പിഎംഎവൈ (ഗ്രാമിൺ) /തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടുള്ള മറ്റ് പദ്ധികൾ എന്നിവ പ്രകാരം ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് ഒഴിച്ചു കൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട്/ ഭൂമി പണയപ്പെടുത്തി ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിന് പരാമർശം (2)സർക്കാർ ഉത്തരവ് പ്രകാരം നൽകിയ അനുമതി ബാധകമാക്കുന്നു.

4. പരാമർശം 4 ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

കോ -ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

ധനകാര്യ/നിയമ വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ